# എൻആർഐ ന്യൂസ് ബുള്ളറ്റിൻ ജൂലായ് 2022

ലക്കം: 07-2022

## പ്രവാസി ഇന്ത്യക്കാരും ആദായ നികുതിയും

**പ്രവാസി ഭാരതീയർ ഇന്ത്യയിൽ തങ്ങളുടെ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യേണ്ടതായിട്ടുണ്ടോ ? ഉണ്ടെങ്കിൽ, ഇന്ത്യയിൽ അവരുടെ ഏത് വരുമാനമാണ് നികുതിയ്ക്ക് വിധേയമാകുക ? മിക്കവാറും പ്രവാസി ഭാരതീയരുടെ മനസ്സിൽ ഉയരാവുന്ന ഒരു ചോദ്യമാണ് ഇത്.**

ഇന്ത്യയിൽ ഒടുക്കേണ്ട ആദായ നികുതി തീരുമാനിക്കുന്നതിന്റെ ഒരു പ്രധാന ഘടകം ഒരു വ്യക്തിയുടെ റസിഡന്റ് (താമസക്കാരൻ) സ്റ്റാറ്റസ് ആണ്. ആ വ്യക്തി ഒന്നുകിൽ റസിഡന്റ് ആകാം, പ്രവാസിയാകാം, അല്ലെങ്കിൽ റസിഡന്റ് ആണെങ്കിലും സാമാന്യമായി ഇന്ത്യയിൽ താമസിക്കുന്നയാളല്ല എന്നതുമാകാം. ഇന്ത്യയിലെ ആദായ നികുതി ബാധ്യത അയാളുടെ പൌരത്വം അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതല്ല. അതിനാൽ തന്നെ ഇന്ത്യൻ പൌരനല്ലാത്ത ഒരാൾ പോലും, ഇന്ത്യയിലെ താമസക്കാരൻ ആണെങ്കിൽ ഇന്ത്യയിലെ ആദായ നികുതിയ്ക്ക് വിധേയനാണ്.

ഒരു വ്യക്തി നികുതി കണക്കാക്കുന്ന ഒരു വർഷത്തിൽ പ്രവാസിയായി മാറുന്നത്, തൊട്ട് പിന്നിലെ വർഷത്തിൽ ആ വ്യക്തി താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കുമ്പോഴാണ് :

(I) ആ വ്യക്തി 182ഓ അതിലധികമോ ദിവസങ്ങൾ ഇന്ത്യയിലുണ്ടാകാതിരിക്കുക

(II) ആ വ്യക്തി ആ വർഷത്തിൽ 60ഓ അതിലധികമോ ദിവസങ്ങൾ ഇന്ത്യയിൽ ഉണ്ടായിരിക്കുകയും, എന്നാൽ തൊട്ടു പിന്നിലെ വർഷത്തിനു മുമ്പുള്ള നാല് വർഷങ്ങളിൽ 365ഓ അതിലധികമോ ദിവസങ്ങൾ ഇന്ത്യയിൽ ഇല്ലാതിരിക്കുകയും ചെയ്യുക

എന്നിരുന്നാലും, ആ വർഷത്തിൽ ഇന്ത്യ സന്ദർശിക്കുന്ന ഒരു ഇന്ത്യൻ പൌരനെയോ ഇന്ത്യൻ വംശജനായ വ്യക്തിയേയോ സംബന്ധിച്ചിടത്തോളം ആ കാലാവധി മുകളിൽ (II)ൽ പറഞ്ഞ പ്രകാരമുള്ള 60 ദിവസങ്ങൾക്ക് പകരം 182 ദിവസങ്ങളായിരിക്കും. കഴിഞ്ഞ ഏതെങ്കിലും വർഷത്തിൽ ഒരു ക്രൂ അംഗമായോ ഇന്ത്യയ്ക്ക് വെളിയിൽ ജോലി സംബന്ധമായോ ഇന്ത്യ വിടുന്ന ഒരു ഇന്ത്യൻ പൌരനും ഇതേ ആനുകൂല്യം ലഭിയ്ക്കുന്നതായിരിക്കും.

ഫിനാൻസ് ആക്റ്റ് 2020, ടാക്സ് അസ്സസ്മെന്റ് വർഷം 2021-22 മുതൽ മുകളിൽ പറഞ്ഞ ആനുകൂല്യം ഭേദഗതി ചെയ്തിട്ടുണ്ട്. അതനുസരിച്ച് , വിദേശ സ്രോതസ്സുകളിൽ നിന്നല്ലാതെ ഒരു ഇന്ത്യൻ പൌരന്റേയോ ഇന്ത്യൻ വംശജനായ വ്യക്തിയുടേയോ മൊത്തം വരുമാനം തൊട്ടു പിന്നിലെ വർഷം 15 ലക്ഷം രൂപ കവിയുകയാണെങ്കിൽ, മുകളിൽ (II)ൽ പറഞ്ഞ 60 ദിവസങ്ങൾക്ക് പകരം ആ കാലാവധി 120 ദിവസങ്ങളായിരിക്കും.

ആദായ നികുതി നിയമം 1961 പ്രകാരം, ഒരു സാമ്പത്തിക വർഷം ഇന്ത്യയിൽ ലഭിച്ചതോ, ലഭിച്ചതായി കണക്കാക്കിയതോ അഥവാ സമാഹരിച്ചതോ, സമാഹരിച്ചതായി കണക്കാക്കിയതോ ആയ മൊത്തം വരുമാനത്തിന്മേൽ ആദായ നികുതി നൽകേണ്ടതാണ്. സാമാന്യമായി പറഞ്ഞാൽ, ഒരു പ്രവാസി ഇന്ത്യക്കാരൻ ഇന്ത്യയിൽ ആർജ്ജിച്ചതോ സമാഹരിച്ചതോ ആയ വരുമാനം ആദായ നികുതിയ്ക്ക് വിധേയമാണ്. പ്രവാസി ഇന്ത്യക്കാരന്റെ വിദേശ വരുമാനത്തിന്മേൽ ഇന്ത്യയിൽ ആദായ നികുതി നൽകേണ്ടതുമില്ല.

അതിനാൽ, പ്രവാസിയായ ഒരു വ്യക്തി ഇന്ത്യയിലെ തന്റെ നിക്ഷേപങ്ങളിന്മേലോ മറ്റ് സ്രോതസ്സുകളിൽ നിന്നോ വരുമാനം ആർജ്ജിക്കുകയോ സമാഹരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അയാൾ ഇന്ത്യയിൽ ആദായ നികുതി റിട്ടേൺ സമർപ്പിക്കാൻ ബാധ്യസ്ഥനാണ്.

**ഒരു പ്രവാസി ഇന്ത്യയിൽ ആദായ നികുതിയ്ക്ക് വിധേയനാകുന്ന വരുമാനത്തിന്റെ ഇനങ്ങൾ ഏതൊക്കെയാണ് ?**

**ബാങ്ക് അക്കൗണ്ടുകളിൽ നിന്നും നിക്ഷേപങ്ങളിൽ നിന്നുമുള്ള വരുമാനം** : ഒരു പ്രവാസിയുടെ ഇന്ത്യയിലെ ആദായ നികുതി ബാധ്യത ആ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിന്റേയും നിക്ഷേപത്തിന്റേയും തരം അനുസരിച്ചായിരിക്കും. നോൺ റസിഡന്റ് എക്സ്റ്റേർണൽ (എൻആർഇ) അക്കൗണ്ടുകളിലും നിക്ഷേപങ്ങളിന്മേലും ആർജ്ജിച്ച പലിശ ഇന്ത്യയിലെ ആദായ നികുതിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നു. ഫോറിൻ കറൻസി നോൺ റസിഡന്റ് (എഫ്സിഎൻആർ) നിക്ഷേപങ്ങളിന്മേൽ ആർജ്ജിച്ച പലിശയും ഇന്ത്യയിലെ ആദായ നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. എന്നാൽ, നോൺ റസിഡന്റ് ഓർഡിനറി (എൻആർഒ) അക്കൗണ്ടുകളും നിക്ഷേപങ്ങളും നികുതിയ്ക്ക് വിധേയമാണ്. നിലവിൽ,

30% എന്ന നിരക്കിൽ ആദായ നികുതിയും അധിക സർച്ചാർജ്ജും സെസ്സും സോഴ്സിൽ നിന്നു തന്നെ കിഴിക്കുന്നതാണ് (ടിഡിഎസ്). ഒരു പ്രവാസി ഇന്ത്യക്കാരൻ, ഇന്ത്യയുമായി ഡബിൾ ടാക്സേഷൻ അവോയ്ഡൻസ് ഉടമ്പടി (ഡിടിഎഎ) ഉള്ള ഏതെങ്കിലും രാജ്യത്താണ് താമസിക്കുന്നതെങ്കിൽ ടിഡിഎസ്, ഇന്ത്യയും ആ രാജ്യവും തമ്മിലുള്ള ഡിടിഎഎ കരാർ വ്യവസ്ഥ അനുസരിച്ചായിരിക്കും. കുറഞ്ഞ നിരക്കിൽ ടിഡിഎസ് ആവശ്യപ്പെടാനായി ബന്ധപ്പെട്ട പ്രവാസി ആ രാജ്യത്തെ ചട്ടപ്രകാരമുള്ള അതോറിറ്റിയിൽ നിന്നുള്ള ടാക്സ് റസിഡൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഉദാഹരണത്തിന് ആസ്ത്രേലിയയിലെ താമസക്കാരനായ ഒരു പ്രവാസി ഇന്ത്യക്കാരൻ, ഇന്ത്യയും ആസ്ത്രേലിയയും തമ്മിലുള്ള ഡിടിഎഎ പ്രകാരം ടാക്സ് റസിഡൻസി സർട്ടിഫിക്കറ്റ് സമർപ്പിക്കുകയാണെങ്കിൽ, ആ പ്രവാസി ഇന്ത്യക്കാരന്റെ ഇന്ത്യയിലെ എൻആർഒ നിക്ഷേപങ്ങളിന്മേലോ അക്കൗണ്ടുകളിന്മേലോ 15% നിരക്കിൽ ടിഡിഎസും കൂടാതെയുള്ള സർച്ചാർജും സെസ്സും ചുമത്തപ്പെടുന്നതാണ്. ചില രാജ്യങ്ങളിൽ ഗ്ലോബൽ വരുമാനം നികുതിയ്ക്ക് വിധേയമാണ് എന്നതിനാൽ ഓരോ പ്രവാസി ഇന്ത്യക്കാരനും താൻ താമസിക്കുന്ന രാജ്യത്തെ ആദായ നികുതി ബാധ്യതയെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതാണ്. അതിനാൽ, ഇന്ത്യയിൽ എൻആർഇ അഥവാ എഫ്സിഎൻആർ നിക്ഷേപങ്ങളിന്മേലുള്ള പലിശ ഇന്ത്യയിലെ ആദായ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും ആ നിക്ഷേപങ്ങളിന്മേൽ ആർജ്ജിച്ച പലിശ താൻ താമസിക്കുന്ന രാജ്യത്തെ ടാക്സ് അധികാരികൾക്ക് വെളിപ്പെടുത്തേണ്ടതും ബാധകമായ നികുതി ഒടുക്കേണ്ടതുമാണ്.

- **സ്വത്തിൽ നിന്നുള്ള വരുമാനം:** പ്രവാസി ഇന്ത്യക്കാർക്ക്, കൃഷി ഭൂമി/പ്ലാന്റേഷൻ അഥവാ ഫാം ഹൌസ് ഒഴികെ ഇന്ത്യയിൽ സ്ഥാവര സ്വത്തുക്കൾ വാങ്ങാനും പ്രവാസി ഇന്ത്യക്കാരൻ എന്ന സ്റ്റാറ്റസ് ലഭിയ്ക്കുന്നതിനു മുമ്പ് സ്വായത്തമാക്കിയതോ ഒരു റസിഡന്റ് ഇന്ത്യക്കാരനിൽ നിന്ന് അനന്തരാവകാശമായി ലഭിച്ചതോ ആയ സ്ഥാവര സ്വത്തുക്കൾ കൈവശം വയ്ക്കാനോ കൈമാറ്റം ചെയ്യാനോ അനുവാദമുണ്ട്. ഒരു റസിഡന്റ് ഇന്ത്യക്കാരൻ ഒരു പാർപ്പിടം വാങ്ങുമ്പോൾ ലഭിയ്ക്കുന്ന എല്ലാ കിഴിവുകളും അവകാശപ്പെടാൻ ഒരു പ്രവാസി ഇന്ത്യക്കാരനും അർഹതയുണ്ട്.

ഒരു പ്രവാസി ഇന്ത്യക്കാരന് ഒരു പാർപ്പിടം വിറ്റോ (ക്യാപിറ്റൽ ഗെയിൻസ്) ആ വസ്തു വാടകയ്ക്ക് നൽകിയോ വരുമാനം ആർജ്ജിക്കാവുന്നതാണ്.

ഒരു പാർപ്പിട വസ്തുവിൽ നിന്ന് ഒരു പ്രവാസി ഇന്ത്യക്കാരൻ ക്യാപിറ്റൽ ഗെയിൻ നേടുന്നതെങ്ങനെയെന്നു നോക്കാം. ഒരു പ്രവാസി ഇന്ത്യക്കാരൻ ഒരു പാർപ്പിട വസ്തു വിൽക്കുമ്പോൾ ക്യാപിറ്റൽ ഗെയിനിന്റെ (ആസ്തി കൈവശം വെയ്ക്കുന്ന കാലയളവ് അടിസ്ഥാനമാക്കി ഹൃസ്വകാല/ദീർഘകാല) ഭാഗമായി ക്യാപിറ്റൽ ഗെയിൻസ് നികുതി, ബാധകമായ സർച്ചാർജ്, ആരോഗ്യ, വിദ്യാഭ്യാസ സെസ്സ് എന്നിവ ബാധകമാണ്. ക്യാപിറ്റൽ ഗെയിൻ എന്നാൽ, വിൽപന മൂല്യവും വാങ്ങുമ്പോഴുണ്ടായിരുന്ന മൂല്യവും (ഇന്ഡക്സ്ഡ് കോസ്റ്റ് ഓഫ് പർച്ചേസ്; അതായത്, ആസ്തി കൈവശം വച്ച കാലാവധി 36 മാസങ്ങളിൽ കൂടുതലാണെങ്കിൽ, വിലക്കയറ്റവുമായി ക്രമീകരിച്ച ക്രയ മൂല്യം) തമ്മിലുള്ള അന്തരമാണ്. എന്നാൽ, ദീർഘാവധി ക്യാപിറ്റൽ ഗെയിൻ തുക മുഴുവനായും വിൽപന തീയതിയുടെ തൊട്ട് പിന്നിലെ 1 വർഷത്തിനുള്ളിലോ, വിൽപന തീയതിയിൽ നിന്ന് 2 വർഷത്തിനുള്ളിലോ വീണ്ടും നിക്ഷേപിക്കുകയാണെങ്കിലോ കൈമാറ്റം ചെയ്ത തീയതി മുതൽ 3 വർഷത്തിനുള്ളിൽ ഒരു പാർപ്പിടം നിർമ്മിക്കുകയാണെങ്കിലോ ദീർഘാവധി ക്യാപിറ്റൽ ഗെയിൻ തുക മുഴുവനായും ഇന്ത്യയിലെ ആദായ നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ക്യാപിറ്റൽ ആസ്തി കൈമാറ്റം നടന്ന വർഷത്തെ ആദായ നികുതി ഫയൽ ചെയ്യുന്നതിന്റെ നിശ്ചിത തീയതിയ്ക്കോ അതിനു മുമ്പോ ക്യാപിറ്റൽ ഗെയിൻ വീണ്ടും നിക്ഷേപിക്കുന്നില്ലെങ്കിൽ, ആ ക്യാപിറ്റൽ ഗെയിൻ തുക ക്യാപിറ്റൽ ഗെയിൻ അക്കൗണ്ട് സ്കീമിൽ നിക്ഷേപിക്കേണ്ടതാണ്. ക്യാപിറ്റൽ ഗെയിൻസ് തുക പുതിയ വസ്തുവിന്റെ വിലയേക്കാൾ കൂടുതലാണെങ്കിൽ, പുതിയ വസ്തുവിന്റെ ക്രയ മൂല്യത്തേക്കാൾ/നിർമ്മാണ ചെലവിനേക്കാൾ കൂടുതലായുള്ള ക്യാപിറ്റൽ ഗെയിൻസ് തുക നികുതിയ്ക്ക് വിധേയമാകുന്നതാണ്. വസ്തു പഴയതും വാങ്ങുന്ന തീയതി മുതൽ 36ാം കുറവോ മാസങ്ങൾ കൈവശം വെച്ചതും ആണെങ്കിൽ ഹൃസ്വകാല ക്യാപിറ്റൽ ഗെയിൻസ് നികുതിയും ബാധകമായ സർചാർജും ആരോഗ്യ-വിദ്യാഭ്യാസ സെസ്സും ബാധകമായിരിക്കും. പ്രവാസി ഇന്ത്യക്കാർ അത്തരം വിൽപനയിൽ നിന്ന് ലഭിയ്ക്കുന്ന തുക വിദേശത്തേക്ക് കൊണ്ടുപോകുന്നത് സംബന്ധിച്ച നിബന്ധനകളെക്കുറിച്ചും ബോധവാന്മാരായിരിക്കേണ്ടതാണ്. നിലവിൽ ഇത് 2 വസ്തുവകകളായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, വിദേശത്തേക്ക് കൊണ്ടുപോകുന്ന തുക, ആ വസ്തു വാങ്ങുമ്പോൾ നൽകിയ തുകയേക്കാൾ കൂടിയിരിക്കരുത്.

വസ്തു വാടകയ്ക്ക് കൊടുക്കുമ്പോൾ ലഭിയ്ക്കുന്ന വരുമാനമാണ് മറ്റ് പ്രകാരത്തിലുള്ള വരുമാനം. പ്രവാസി ഇന്ത്യക്കാരൻ വാടകയിനത്തിൽ ആർജ്ജിക്കുന്ന വരുമാനം ഇന്ത്യയിൽ ആദായ നികുതിയ്ക്ക് വിധേയമാണ്. വാടക നൽകുമ്പോൾ തന്നെ വാടകക്കാരൻ സ്രോതസ്സിൽ തന്നെ നികുതി കിഴിക്കേണ്ടതാണ്. വസ്തുവിന്റെ പരിപാലനം, അറ്റകുറ്റപ്പണികൾ എന്നിവയുടെ ചിലവ് ഇനത്തിൽ പ്രവാസി ഇന്ത്യക്കാരന് കിഴിവ് ലഭിയ്ക്കുന്നതായിരിക്കും. അടച്ച മുൻസിപ്പൽ/കോർപറേഷൻ നികുതിയ്ക്കും കിഴിവ് ലഭിയ്ക്കും. ഭവന വായ്പ ഉപയോഗിച്ചാണ് വസ്തു വാങ്ങുന്നതെങ്കിൽ, ഭവന വായ്പയുടെ പലിശയ്ക്കും ഇളവ് ലഭിയ്ക്കും. ഒരു പ്രവാസി ഇന്ത്യക്കാരന്, പ്രതിവർഷം 150000/- രൂപ വരെ വായ്പാത്തുകയുടെ തിരിച്ചടവ്, വസ്തു വാങ്ങുമ്പോൾ അടച്ച സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജുകൾ എന്നിവയുടെ കിഴിവും അവകാശപ്പെടാവുന്നതാണ്. നികുതി സ്രോതസ്സിൽ വെച്ചു തന്നെ കിഴിക്കുന്നതിനാലും, ആ വരുമാനം പ്രവാസി ഇന്ത്യക്കാരൻ താമസിക്കുന്ന രാജ്യത്തെ നികുതിയ്ക്ക്

വിധേയമായതിനാലും ബാധകമെങ്കിൽ പ്രവാസി ഇന്ത്യക്കാരന് ഡിടിഎഎയുടെ ആനുകൂല്യം നേടുകയും ടിഡിഎസ്സിന്റെ കുറഞ്ഞ നിരക്ക് നേടി ഇന്ത്യയിൽ അടയ്ക്കേണ്ട നികുതിയുടെ ക്രെഡിറ്റ് അവകാശപ്പെടാവുന്നതുമാണ്.

- **ഷെയർ, മ്യൂച്വൽ ഫണ്ട് എന്നിവയിൽ നിന്നുള്ള ക്യാപിറ്റൽ ഗെയിൻസ്:** ഷെയറുകൾ, കടപ്പത്രങ്ങൾ, മ്യൂച്വൽ ഫണ്ടുകൾ , മറ്റ് സെക്യൂരിറ്റികൾ എന്നിവയുടെ വിൽപനയിൽ നിന്ന് ലഭിയ്ക്കുന്ന ലാഭത്തിന്മേൽ, ആദായ നികുതി നിയമം 1961 അനുസരിച്ച് "ക്യാപിറ്റൽ ഗെയിൻസ്" എന്ന നിലയിൽ നികുതി ചുമത്തപ്പെടുന്നതാണ്.
- സെക്യൂരിറ്റി ട്രാൻസാക്ഷൻ ടാക്സിന് (എസ്ടിടി) വിധേയവും 12 മാസത്തിനു മേൽ കൈവശം വെച്ചതും ആയ ഏതെങ്കിലും കമ്പനിയുടെ ഷെയർ, ഇക്വിറ്റി, ഇക്വിറ്റി ഒറിയന്റഡ് മ്യൂച്വൽ ഫണ്ട് എന്നിവയിന്മേലുള്ള ലാഭമാണെങ്കിൽ, അത്തരം ലാഭം ദീർഘകാല ക്യാപിറ്റൽ ഗെയിൻസ് ആയി കണക്കാക്കപ്പെടുത്തുന്നതും 1 ലക്ഷം രൂപ വരെ ഇന്ത്യൻ ആദായ നികുതിയിൽ നിന്ന് ഇളവ് ലഭിയ്ക്കുന്നതുമാണ്. ഗാർഹിക കമ്പനികളുടെ ഷെയറുകളിന്മേൽ ലഭിയ്ക്കുന്ന ലാഭവിഹിതം ഇന്ത്യയിൽ പൂർണ്ണമായും നികുതിയ്ക്ക് വിധേയമാണ്. അൺലിസ്റ്റഡ് സെക്യൂരിറ്റികൾ, ഡെറ്റ് മ്യൂച്വൽ ഫണ്ടുകൾ എന്നിവയിൽ നിന്ന് ലഭിയ്ക്കുന്ന ദീർഘാവധി ക്യാപിറ്റൽ ഗെയിൻസ്, ബാധകമായ സർചാർജ്, സെസ്സ് എന്നിവ സഹിതം നികുതിയ്ക്ക് വിധേയമായിരിക്കും. കൈവശം വെയ്ക്കുന്ന കാലാവധി 24 മാസത്തിൽ കൂടുതലാണെങ്കിൽ, അൺലിസ്റ്റഡ് സെക്യൂരിറ്റികളുടെ വിൽപനയിൽ നിന്ന് ലഭിയ്ക്കുന്ന ലാഭം/നഷ്ടം ദീർഘാവധി ക്യാപിറ്റൽ ഗെയിൻസ്/ലോസ്സ് ആയി കണക്കാക്കപ്പെടും. 12/24 മാസങ്ങളോ അതിൽ കുറവോ ആയ കാലാവധി കൈവശം വെച്ചവയാണെങ്കിൽ, ഇവ ഹൃസ്വകാല ക്യാപിറ്റൽ ഗെയിൻസ് ആയി കണക്കാക്കപ്പെടുന്നതും പ്രവാസി ഇന്ത്യക്കാരന്റെ മൊത്തം വരുമാനത്തിന്മേൽ ബാധകമായ സാധാരണ നിരക്കിൽ നികുതി ചുമത്തപ്പെടുന്നതുമാണ്. സെക്യൂരിറ്റി ട്രാൻസാക്ഷൻ ടാക്സിന് (എസ്ടിടി) വിധേയമായ ലിസ്റ്റഡ് ഇക്വിറ്റി ഷെയറുകൾ അഥവാ ഈക്വിറ്റി ഒറിയന്റഡ് ഫണ്ടിന്റെ യൂണിറ്റുകൾ എന്നിവയുടെ വിൽപനയിൽ നിന്നുണ്ടായ ഹൃസ്വകാല ക്യാപിറ്റൽ ഗെയിൻസിന്റെ കാര്യത്തിൽ നികുതി നിരക്ക് ബാധകമാണ്.
- **ശമ്പളം :** ഒരു പ്രവാസി ഇന്ത്യക്കാരനോ,പ്രവാസി ഇന്ത്യക്കാരനു വേണ്ടി മറ്റാർക്കോ ഇന്ത്യയിൽ ശമ്പളമായി വരുമാനം ലഭിയ്ക്കുന്നുണ്ടെങ്കിൽ, ആ പ്രവാസി ഇന്ത്യക്കാരൻ നൽകപ്പെട്ട ശമ്പളം നികുതിയ്ക്ക് വിധേയമായിരിക്കും. ഒരു ഇന്ത്യൻ അക്കൗണ്ടിൽ നൽകപ്പെടുന്ന ശമ്പളം, ഇന്ത്യയിൽ നൽകിയ സേവനത്തിനുള്ള ശമ്പളമായി കണക്കാക്കപ്പെടും. ആയതിനാൽ അത്തരം ശമ്പളം, ബാധകമായ നികുതി സ്ലാബ് നിരക്കിൽ നികുതിയ്ക്ക് വിധേയമാകുന്നതാണ്.

➢ **13.07.2022 മുതൽ 1 മില്യൺ യു എസ് ഡോളറിനു താഴെയെയുള്ള തുകയുടെ (അല്ലെങ്കിൽ മറ്റ് കറൻസികളിൽ തത്തുല്യമായ തുക) എഫ് സി എൻ ആർ [ബി] നിക്ഷേപങ്ങളിന്മേൽ പലിശ നിരക്ക് താഴെപ്പറയുന്നു:**

(% പ്രതിവർഷം)

| നിക്ഷേപ കാലാവധി | നിക്ഷേപത്തിന്റെ കറൻസി | | | | |
|---|---|---|---|---|---|
| | യുഎസ്ഡി | ജിബിപി | യൂറോ | സിഎഡി | എയുഡി |
| 1 വർഷവും അതിനു മുകളിലും എന്നാൽ 2 വർഷത്തിൽ താഴെ | 3.00 | 2.40 | 0.06 | 1.61 | 1.55 |
| 2 വർഷവും അതിനു മുകളിലും എന്നാൽ 3 വർഷത്തിൽ താഴെ | 2.72 | 2.76 | 0.11 | 2.66 | 2.05 |
| 3 വർഷവും അതിനു മുകളിലും എന്നാൽ 4 വർഷത്തിൽ താഴെ | 2.80 | 2.88 | 0.11 | 2.76 | 2.25 |
| 4 വർഷവും അതിനു മുകളിലും എന്നാൽ 5 വർഷത്തിൽ താഴെ | 2.91 | 2.89 | 0.20 | 2.81 | 2.50 |
| 1 വർഷവും അതിനു മുകളിലും എന്നാൽ 2 വർഷത്തിൽ താഴെ | 3.00 | 2.86 | 0.25 | 2.81 | 2.65 |

➢ **എൻആർഇ സാവധി നിക്ഷേപങ്ങളുടെ പലിശ നിരക്കുകൾ : (16.07.2022 മുതൽ)** (% പ്രതിവർഷം)

| സ്ലാബ് | നിക്ഷേപ കാലാവധി | പലിശനിരക്ക്* | |
|---|---|---|---|
| | | *2 കോടി രൂപയിൽ താഴെ* | *2 കോടി മുതൽ 10 കോടി രൂപയിൽ താഴെ* |
| **സ്ലാബ്-1** | 1 വർഷം മാത്രം | 5.30 | 6.00 |
| **സ്ലാബ്-2** | 1 വർഷത്തിനു മുകളിൽ 2 വർഷത്തിൽ താഴെ | 6.00 | 6.00 |
| **സ്ലാബ്-3** | 2 വർഷവും അതിനു മുകളിലും എന്നാൽ 3 വർഷത്തിൽ താഴെ | 5.45 | 6.00 |
| **സ്ലാബ്-4** | 3 വർഷവും അതിനു മുകളിലും എന്നാൽ 5 വർഷത്തിൽ താഴെ | 5.70 | 6.00 |
| **സ്ലാബ്-5** | 5 വർഷവും അതിനു മുകളിലും എന്നാൽ 10 വർഷം വരെ | 5.75 | 3.40 |

- 13.07.2022 മുതൽ 1 മില്യൺ യു എസ് ഡോളറിനു താഴെയുള്ള തുകയുടെ (അല്ലെങ്കിൽ മറ്റ് കറൻസികളിൽ തത്തുല്യമായ തുക) ആർ എഫ് സി സാവധി നിക്ഷേപങ്ങളിന്മേലും ആർ എഫ് സി സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങളിന്മേലുള്ള പലിശ നിരക്ക് താഴെപ്പറയുന്നു: (% പ്രതിവർഷം)

| നിക്ഷേപ കാലാവധി | നിക്ഷേപത്തിന്റെ കറൻസി | | | | |
|---|---|---|---|---|---|
| | യുഎസ്ഡി | ജിബിപി | യൂറോ | സിഎഡി | എയുഡി |
| സേവിംഗ്സ് ബാങ്ക് | 0.30 | പൂജ്യം | പൂജ്യം | പൂജ്യം | പൂജ്യം |
| 1 മാസവും അതിനു മുകളിലും എന്നാൽ 3 മാസത്തിൽ താഴെ | 1.57 | 1.06 | പൂജ്യം | 1.65 | 1.23 |
| 3 മാസവും അതിനു മുകളിലും എന്നാൽ 6 മാസത്തിൽ താഴെ | 2.05 | 1.42 | പൂജ്യം | 2.05 | 1.76 |
| 6 മാസവും അതിനു മുകളിലും എന്നാൽ 1 വർഷത്തിൽ താഴെ | 2.80 | 1.96 | 0.03 | 2.71 | 2.48 |
| 1 വർഷവും അതിനു മുകളിലും എന്നാൽ 2 വർഷത്തിൽ താഴെ | 2.30 | 2.40 | 0.06 | 1.61 | 1.55 |
| 2 വർഷവും അതിനു മുകളിലും എന്നാൽ 3 വർഷത്തിൽ താഴെ | 2.72 | 2.76 | 0.11 | 2.66 | 2.05 |
| 3 വർഷം മാത്രം | 2.80 | 2.88 | 0.11 | 2.76 | 2.25 |

- ഗാർഹിക/എൻആർഒ സാവധി നിക്ഷേപങ്ങളുടെ പുതുക്കിയ പലിശ നിരക്കുകൾ (16.07.2022 മുതൽ):

(% പ്രതിവർഷം)

| സ്ലാബ് | നിക്ഷേപ കാലാവധി | പലിശനിരക്ക് * | | | |
|---|---|---|---|---|---|
| | | *2 കോടി രൂപയിൽ താഴെ* | | *2 കോടി മുതൽ 10 കോടി രൂപയിൽ താഴെ വരെ* | |
| | | പൊതു ജനങ്ങൾ | മുതിർന്ന പൌരന്മാർ | കോളബിൾ | നോൺ കോളബിൾ |
| 1 | 7 ദിവസം മുതൽ 45 ദിവസം വരെ | 2.90 | 2.90 | 2.90 | ബാധകമല്ല |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 4.00 | 4.00 | 3.10 | 3.10 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 4.05 | 4.05 | 3.35 | 3.35 |
| 4 | 180 ദിവസം മുതൽ 269 ദിവസം വരെ | 4.50 | 5.00 | 3.35 | 3.35 |
| 5 | 270 ദിവസം മുതൽ 1 വർഷത്തിൽ താഴെ | 4.55 | 5.05 | 3.35 | 3.35 |
| 6 | 333 ദിവസം (30.09.2022 വരെ സാധുത) | 5.10 | 5.60 | | |
| 7 | 1 വർഷം മാത്രം | 5.30 | 5.80 | **6.00** | **6.05** |
| 8 | 1 വർഷത്തിനു മുകളിൽ 2 വർഷത്തിൽ താഴെ | 5.40 | 5.90 | **6.00** | **6.05** |
| 9 | 2 വർഷവും അതിനു മുകളിലും 3 വർഷത്തിൽ താഴെ | 5.45 | 5.95 | **6.00** | **6.05** |
| 10 | 3 വർഷവും അതിനു മുകളിലും 5 വർഷത്തിൽ താഴെ | 5.70 | 6.20 | **6.00** | **6.05** |
| 11 | 5 വർഷവും അതിനു മുകളിലും 10 വർഷത്തിൽ താഴെ | 5.75 | 6.25 | 3.40 | ബാധകമല്ല |

**താങ്കളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാനുള്ള ഒരൊറ്റ സമ്പർക്ക ബിന്ദുവായി ഞങ്ങൾ സേവനങ്ങളുടെ ഒരു നിര തന്നെ ലഭ്യമാക്കുന്നു. ധനം നിക്ഷേപിക്കാനുള്ള വിവിധ സൗകര്യങ്ങൾ/ഇൻഷ്വറൻസ്/മ്യൂച്വൽ ഫണ്ട് പദ്ധതികൾ എന്നിവയ്ക്കായി താഴെപ്പറയുന്ന ലിങ്കുകൾ ഉപയോഗിക്കാവുന്നതാണ്. ക്**

**ലൈഫ്ഇൻഷ്വറൻസ്:**http://www.canarabank.com/english/bank-services/personal-banking/insurance-business/life-insurance/

**ഹെൽത്ത് ഇൻഷ്വറൻസ് :**https://canarabank.com/User_page.aspx?menulevel=1&menuid=3&CatID=45

**ജനറൽ ഇൻഷ്വറൻസ് :**https://canarabank.com/User_page.aspx?menulevel=1&menuid=3&CatID=44

**മ്യൂച്വൽ ഫണ്ട്:**:https://canarabank.com/User_page.aspx?menulevel=1&menuid=2&CatID=4

**ഡിപ്പോസിറ്ററി സേവനങ്ങൾ:**https://canarabank.com/User_page.aspx?menulevel=1&menuid=2&CatID=20

**റെമിറ്റൻസ് സൗകര്യങ്ങൾ :**https://canarabank.com/User_page.aspx?menulevel=1&menuid=2&CatID=22

**നിക്ഷേപ പദ്ധതികൾ :**https://canarabank.com/User_page.aspx?menulevel=1&menuid=2&CatID=23

**ഡെഡിക്കേറ്റഡ് എൻആർഐ ഹെൽപ് ഡെസ്ക്** *(ഇന്ത്യയ്ക്ക് പുറത്തു നിന്ന് വിളിക്കുമ്പോൾ)*: **080-22064232 (24 x 7)**

canarabank    CanaraBankOfficial    canarabank    canarabankinsta